**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 918** **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ബഫർസോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സങ്കേതങ്ങൾക്കും, ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ബഫർസോൺ (ഇക്കോ സെൻസിറ്റീവ് സോൺ) രൂപീകരിക്കുന്നതിനായി 6 ദേശീയോദ്യാനങ്ങൾക്കും 15 വന്യജീവി സങ്കേതങ്ങൾക്കും 2 കടുവാ സങ്കേതങ്ങൾക്കു മായി 17 കരട് വിജ്ഞാപന ശുപാർശകളാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. അതിൽ മതികെട്ടാൻഷോല ദേശീയോദ്യാനത്തെ സംബന്ധിച്ച് അന്തിമ വിജ്ഞാപനം 28.12.2020-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് 16 ശുപാർശകളിൽ പെരിയാർ ടൈഗർ റിസർവ്, നെയ്യാർ & പേപ്പാറ വന്യജീവി സങ്കേതങ്ങളുടെയും ഒഴികെയുള്ള കരട് വിജ്ഞാപനങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയുടെ അന്തിമ വിജ്ഞാപനം ആയിട്ടില്ല. പെരിയാർ ടൈഗർ റിസർവ്, നെയ്യാർ, പേപ്പാറ വന്യജീവി സങ്കേതങ്ങൾ എന്നിവയുടെ കരട് വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ബഫർസോൺ രൂപീകരിക്കുമ്പോൾ ഇതിൽ ഉൾപ്പെടുന്ന ജനസാന്ദ്രത കൂടിയ മേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി ആദ്യം തയ്യാറാക്കി സമർപ്പിച്ചിരുന്ന കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ നിന്നും ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ട് ഭേദഗതി വരുത്തിയ വിജ്ഞാപന ശുപാർശകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരണം സംബന്ധിച്ച കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് കമ്മിറ്റി മീറ്റിംഗുകളിൽ ടി ശുപാർശകൾ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങളിൽ വിശദീകരണം ആരായുകയും, കൂടുതൽ രേഖകൾ സമർപ്പിക്കുന്നതിനായി നിർദ്ദേശിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള വിശദീകരണങ്ങളും രേഖകളും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ